ബഹുമാന്യനായ സഭാനേതാവേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ബഹുമാന്യരായ കക്ഷിനേതാക്കളേ, നിയമസഭാ സാമാജികരെ, മാധ്യമ സുഹൃത്തുക്കളേ............

ഒരു പ്രത്യേക ഘട്ടത്തിൽ ഈ നിയമസഭയുടെ പരമോന്നത പദവിയിലേക്ക് എന്നെ തിരഞ്ഞെടുത്തതിൽ എന്റെ ഹൃദയം നിറഞ്ഞ നന്ദി ആദ്യമായി പ്രകാശിപ്പിച്ചു കൊള്ളുന്നു. തികച്ചും അപ്രതീക്ഷിതമായി, ദുഃഖകരമായ ഒരു അവസ്ഥയിലാണ് ഞാൻ ഈ പദവിയിലെത്തുന്നത്. ഇത്തരമൊരവസ്ഥ ഞാനും നിങ്ങളും പ്രതീക്ഷിച്ചിരുന്നില്ല. നമ്മുടെയെല്ലാം പ്രിയങ്കരനായ ജി.. കാർത്തികേയൻ നമ്മെ വിട്ടുപിരിഞ്ഞതിന്റെ ആഘാതത്തിൽ നിന്നും നാം ഇനിയും മോചിതരായിട്ടുമില്ല.

ഇവിടെ സഭാ നേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും അനുമോദനങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും, എന്നിൽ അർപ്പിക്കുന്ന വിശ്വാസത്തിനും സ്നേഹത്തിനും ഞാൻ പ്രത്യേകം നന്ദി പറയുന്നു.

ഒരു സഭയിൽതന്നെ പ്രോ-ടേം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ എന്നീ സ്ഥാനങ്ങൾ വഹിക്കാൻ കഴിഞ്ഞത് ഒരു പ്രത്യേക ഭാഗ്യമായി ഞാൻ കരുതുന്നു.

കേരള നിയമസഭ, സുപ്രധാനമായ നിയമനിർമ്മാണങ്ങൾ കൊണ്ടും, കീഴ്‌വഴക്കങ്ങൾ കൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ച സഭയാണ്. ഈ സഭയുടെ സ്പീക്കർ സ്ഥാനത്തെത്താൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഇതിൽ അഭിമാനിക്കുകയും ചെയ്യുന്നു. സഭയുടെ അന്തസ്സ് എന്നും ഉയർത്തിപ്പിടിച്ച് തികഞ്ഞ ഉത്തരവാദിത്വത്തോടെ എന്റെ ചുമതലകൾ നിർവ്വഹിക്കാൻ ശ്രമിക്കുമെന്ന് ഉറപ്പു നല്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ സഭയുടെ ഏറ്റവും നിർണ്ണായകമായ ഒരു സന്ദർഭത്തിലാണ് അധ്യക്ഷപദവിയിലേക്ക് നിങ്ങൾ എന്നെ നിയോഗിച്ചിട്ടുള്ളത്. ആ ഉത്തരവാദിത്വം എനിക്ക് ബോധ്യമുണ്ട്. ഈ സഭയിലെ ബഹുമാന്യരായ അംഗങ്ങളുടെ നിർലോഭമായ സഹകരണത്തിലൂടെ എന്റെ കർത്തവ്യ പൂർത്തീകരണത്തിന് ആത്മാർത്ഥമായി ഞാൻ ശ്രമിക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നല്കുന്നു.

ഗവൺമെന്റിന്റെ ഭരണപരമായ നടപടിക്രമങ്ങൾ സമയബന്ധിതമായി നിറവേറ്റി കൊടുക്കുന്നതിനും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യപ്രാധാന്യവും പരിഗണനയും സ്പീക്കർ നല്കേണ്ടതുണ്ട്. ഈ പദവിയുടെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭിക്കുന്നതിന് ഞാൻ പരമാവധി ശ്രമിക്കുന്നതാണ്.

നമ്മുടെ നാടിനെ കാതലായി ബാധിക്കുന്ന വിവിധങ്ങളായ പല പ്രശ്നങ്ങളും ആലോചനാ വിഷയമാകേണ്ട ഒരു വേദിയാണ് ഈ സഭ. ഉദാത്തമായ ചുമതലകൾ നിറവേറ്റാൻ ഈ സഭയിലെ മുഴുവൻ അംഗങ്ങളെയും ഞാൻ ക്ഷണിക്കുന്നു. നാടിന്റെയും നാട്ടുകാരുടെയും ക്ഷേമത്തിനായി എന്നുമെന്നും ഒന്നിച്ച് നിന്ന് പോരാടേണ്ടവരാണ് നമ്മൾ. ആ ലക്ഷ്യബോധത്തോടെയുള്ള നമ്മുടെ പ്രയാണം ഇവിടെ നടക്കുന്ന ഓരോ ചർച്ചകളിലും പ്രതിഫലിക്കേണ്ടതുണ്ട്. അർത്ഥവത്തായ ചർച്ചകളും ക്രിയാത്മകമായ ഇടപെടലുകളും ജനനന്മയ്ക്ക് കൂടുതൽ പ്രയോജനകരമാകും. ഭരണഘടനാപരമായി നമുക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ നമ്മൾ നമ്മുടെ ജനങ്ങൾക്കായി ഉപയോഗിക്കണം. ജനാധിപത്യത്തിലെ പ്രധാനപ്പെട്ട സ്ഥാപനം എന്ന നിലയിൽ നിയമനിർമ്മാണ സഭകൾക്കുള്ള സ്ഥാനം നമുക്കെല്ലാം അറിയാവുന്നതുമാണ്. ആ സ്ഥാനത്തിന്റെ അന്തസ്സിനൊത്തുയരാൻ നമുക്ക് എപ്പോഴും കഴിയട്ടെ എന്നും ആഗ്രഹിക്കുന്നു. ആരോടും വിദ്വേഷമോ വിധേയത്വമോ കൂടാതെ തികച്ചും സ്വതന്ത്രനായി പ്രവർത്തിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. അന്തസ്സുയർത്തുന്ന പ്രവർത്തനങ്ങളിലൂടെ, നാം മറ്റ് നിയമസഭകൾക്ക് മാതൃകയായി മാറണം. എപ്പോഴും നാം ഉയർത്തിപ്പിടിച്ച ഒന്നാം സ്ഥാനം നമുക്ക് ഇനിയും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം.

ഈ സഭയുടെ സ്പീക്കർ പദവിയിലിരുന്ന്, സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എല്ലാ മുൻ സ്പീക്കർമാരേയും പ്രത്യേകിച്ച് എന്റെ മുൻഗാമി ജി. കാർത്തികേയനെയും ഞാൻ ഈ അവസരത്തിൽ ബഹുമാനപുരസ്സരം ഓർക്കുകയാണ്. അവർ കാഴ്ചവെച്ച നല്ല പാതകൾ പിന്തുടരാൻ തന്നെയാവും എന്റേയും ശ്രമം എന്നുറപ്പു നല്കാനും ഞാൻ ആഗ്രഹിക്കുന്നു.

സഭാനടപടികൾ ബഹുജനമധ്യത്തിൽ എത്തിക്കുന്നതിൽ വാർത്താമാധ്യമങ്ങളുടെ പങ്ക് നമുക്കറിയാം. നല്ല നിയമസഭാ പ്രവർത്തനം കാഴ്ചവെയ്ക്കുന്നവരെ പ്രത്യേകിച്ച് വിഷയങ്ങൾ പഠിച്ച് ഫലപ്രദമായി അവതരിപ്പിക്കുന്നവരെ പരമാവധി പ്രോത്സാഹിപ്പിക്കാനും നിയമസഭയിൽ നടക്കുന്ന പ്രസംഗങ്ങളും ചർച്ചകളും ബഹുജനങ്ങൾക്കിടയിൽ എത്തിക്കുവാനും, മാധ്യമ സുഹൃത്തുക്കളുടെ പൂർണ്ണ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ സഭയുടെ പാരമ്പര്യവും അന്തസ്സും കാത്തു സൂക്ഷിച്ചുകൊണ്ട് എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും എല്ലാ സഹായസഹകരണങ്ങളും എനിക്ക് നല്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. എല്ലാവർക്കുംഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു.

....3